# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6966** **13.07.2012 -ൽ മറുപടിക്ക്**

**സംസ്ഥാന സർക്കാരും ഇ.എസ്.ഐ. കോർപ്പറേഷനും തമ്മിലുള്ള കരാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ;<br>ശ്രീ. സി. മോയീൻകുട്ടി;<br>ശ്രീ. പി. ഉബൈദുള്ള;<br>ശ്രീ. മുഹമ്മദുണ്ണി ഹാജി: | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാരും ഇ.എസ്.ഐ.കോർപ്പറേഷനും തമ്മിലുള്ള കരാർ പ്രകാരം ഏതെല്ലാം വിഭാഗങ്ങളിൽപ്പെടുന്ന തൊഴിലാളികൾക്കാണ് വൈദ്യസഹായം നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) കരാർ പ്രകാരം പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ; ഹോട്ടൽ, റസ്റ്റോറന്റ്; സിനിമാ പ്രിവ്യൂ തിയേറ്ററുകൾ/ പത്രമാദ്ധ്യമ സ്ഥാപനങ്ങൾ;<br>മോട്ടോർ ട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ ; സ്വകാര്യ സ്കൂളുകൾ, സ്വകാര്യ ആശുപത്രികൾ എന്നിവയിലെ, 15000 രൂപയിൽ താഴെ വരുമാനമുള്ള, തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമാണ് വൈദ്യ സഹായം നൽകുന്നത്. |
| (ബി) ഏതൊക്കെ ചികിത്സാ വിഭാഗങ്ങളിൽ നിന്നുള്ള സേവനം തൊഴിലാളികൾക്ക് ലഭ്യമാണ്; | (ബി) അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലുള്ള ചികിത്സാ സേവനം ലഭ്യമാണ്. |
| (സി) അതിവിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് അതിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) കൊല്ലം, ആശ്രാമം മോഡൽ ആശുപത്രിയിൽ, സൂപ്പർ സ്പെഷ്യാലിറ്റി ചികിൽസാ സൗകര്യം, നിലവിലുണ്ട്. ഇ.എസ്.ഐ.യിൽലഭ്യമല്ലാത്ത അതിവിദഗ്ധ ചികിൽസയ്ക്കായി ഇ.എസ്.ഐ. കോർപ്പറേഷൻ, കേരളത്തിലെ നിരവധി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുമായി, കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഇവിടേയ്ക്കുള്ള റഫറൻസിനായി, മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡപ്രകാരം ചികിത്സയ്ക്കായി പോകുന്ന ഗുണഭോക്താക്കൾക്ക്, ഈ സ്ഥാപനങ്ങളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ